# SCHOOL PROFILE

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ.യു.പി.സ്കൂൾ<br>വേളൂർ<br>കോട്ടയം വെസ്റ്റ് പി.ഒ<br>കോട്ടയം - 686003 |
| വിദ്യാഭ്യാസ ജില്ല | : | കോട്ടയം |
| വിദ്യാഭ്യാസ ഉപജില്ല | : | കോട്ടയം ഈസ്റ്റ് |
| ബി.ആർ.സി | : | കോട്ടയം ഈസ്റ്റ് |
| സി.ആർ.സി | : | പള്ളം |
| സ്കൂൾ കോഡ് | : | 33450 |
| ഹെഡ്മിസ്ട്രസ് | : | അന്നബെൽ |
| വാർഡ് | : | 46 |
| വില്ലേജ് | : | വേളൂർ |
| വാർഡ് കൗൺസിലർ | : | ശ്രീ സി.ജി രഞ്ജിത്ത് |
| പി.ടി.എ പ്രസിഡണ്ട് | : | ശ്രീമതി ശ്രീജ കെ.എസ് |
| അദ്ധ്യാപകർ | : | 8 |
| അനദ്ധ്യാപകർ (ഓഎ) | : | 1 |

# ഗവ. യു.പി. സ്കൂൾ, വേളൂർ, കോട്ടയം

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ആമുഖം

കോട്ടയം നഗരത്തിൽ നിന്ന് ഏതാണ്ട് 5 km പടിഞ്ഞാറ് ഭാഗത്ത് കോട്ടയം നഗരസഭയുടെ 46-ാം വാർഡിലാണ് വേളൂർ യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. കല്ലുപുരയ്ക്കൽ കുടുംബാംഗമായ സ്വകാര്യ വ്യക്തി സർക്കാരിന് വിട്ടുനൽകിയ സ്ഥലത്ത് 1906-ൽ എൽ.പി സ്കൂളായാണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നത്. തുടക്കത്തിൽ ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകളാണ് ഉണ്ടായിരുന്നത്. 1960 കളിൽ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഏഴാംക്ലാസ് വരെയാക്കി. പിന്നീട് ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള ശ്രമങ്ങളുണ്ടായെങ്കിലും അത് വിജയം കണ്ടില്ല. 1975 കാലത്ത് ഓരോ ക്ലാസും രണ്ടോ അതിലധികമോ ഡിവിഷനുകൾ ഉണ്ടായിരുന്നു. വേളൂർ പ്രദേശത്തെ പഴയ തലമുറയിലെ ആളുകളെല്ലാം വിദ്യാഭ്യാസത്തിനായി ആശ്രയിച്ചിരുന്നത് ഈ സ്കൂളിനെയാണ്. 1.81 ഏക്കർ സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. നാടിന് ഒട്ടേറെ ഉദ്യോഗസ്ഥരെയും രാഷ്ട്രീയപ്രമുഖരെയും വ്യവസായികളെയും എഴുത്തുകാരെയും ഒക്കെ സംഭാവന ചെയ്യാൻ ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്.

തുടർന്ന് ഇംഗ്ലീഷ് സ്കൂളുകളുടെ കടന്നുകയറ്റവും അടിസ്ഥാന സൗകര്യമില്ലായ്മയും കാരണം കുട്ടികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. മഴക്കാലത്ത് വെള്ളക്കെട്ട് രൂപപ്പെടുന്ന സ്കൂൾ കോമ്പൗണ്ട് പലതവണ മണ്ണിട്ടുയർത്തി തറ ഓട് പാകി. നിലവിൽ എൽ.പി ക്ലാസുകൾ പ്രവർത്തിക്കുന്ന കെട്ടിടം അറ്റകുറ്റപ്പണികൾ നടത്താത്ത-തിനാൽ പ്രവർത്തന യോഗ്യമല്ലാതെ അടച്ചിട്ടിരിക്കുകയാണ്. യു.പി ക്ലാസുകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലാണ് ഇപ്പോൾ എൽ.പി ക്ലാസുകളും നടത്തുന്നത്. കെട്ടിടത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുകയോ പുതിയ കെട്ടിടം നിർമ്മിക്കുകയോ ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

2024-25 അക്കാദമിക വർഷം മികച്ച പ്രവർത്തനങ്ങൾ സ്കൂൾ കാഴ്ചവെച്ചു. ലഭ്യമായ സൗകര്യങ്ങളുടെയും പരിമിതമായ ഫണ്ടിന്റെയും പിൻബല-ത്തിൽ മികച്ച രീതിയിൽ മുന്നേറാൻ സാധിച്ചു. അക്കാദമിക രംഗത്ത് അടുക്കും ചിട്ടയും പുലർത്താൻ സാധിച്ചു. ശാസ്ത്ര-പ്രവൃത്തി പരിചയ മേളകളിൽ ഉയർന്ന ഗ്രേഡുകൾ നേടാൻ കഴിഞ്ഞു. സ്കൂൾ കലോത്സവത്തിലും സബ് ജില്ലാതലത്തിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ സാധിച്ചു. ഒരു സ്കൂളിന്റെ ഏറ്റവും ഉയർന്ന അക്കാദമിക മികവായ എൽ.എസ്.എസ് - യു.എസ്.എസ് പരീക്ഷകളിൽ ഉന്നത വിജയം നേടുവാനും കഴിഞ്ഞു.

സ്കൂളിന്റെ തനത് പ്രവർത്തനമായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നടത്തി. കുട്ടികളുടെ ശാരീരിക-മാനസിക ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കരാട്ടെ ക്ലാസുകൾ നടത്തി. ദിനാചരണങ്ങൾ മികച്ച രീതിയിൽ നടത്താൻ കഴിഞ്ഞു. പ്രകൃതിനടത്തം, പഠനവിനോദയാത്ര, പഠനോത്സവം എന്നിവയും മികച്ചരീതിയിൽ നടത്തി.

കായിക പരിശീലനത്തിന് മുനിസിപ്പാലിറ്റിയിൽ നിന്നും അദ്ധ്യാപികയെ നിയമിച്ചു. ടീച്ചറിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് വളരെ മികച്ച രീതിയിൽ കായിക-പരിശീലനം നൽകി.

2025-26 വർഷം മികച്ച അക്കാദമിക-പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാൻ അദ്ധ്യാപക - രക്ഷകർതൃ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്. പ്രഥമാദ്ധ്യാപിക ശ്രീമതി അന്നബെൽ ടീച്ചറിന്റെ നേതൃത്വത്തിൽ പുതിയ അധ്യയനവർഷത്തിന്റെ ആസൂത്രണവും അക്കാദമിക മാസ്റ്റർ പ്ലാൻ അവലോകനവും നടത്തി.

# പൊതുലക്ഷ്യങ്ങൾ

## ദീർഘകാല പദ്ധതികൾ

* മൂല്യബോധമുള്ള തലമുറയെ രൂപപ്പെടുത്തിയെടുക്കുക.
* ഏഴാം ക്ലാസ് കഴിയുന്നതോടെ കുട്ടികളെ ഭാഷാവിഷയങ്ങൾ അനായാസം കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക.
* മത്സരപ്പരീക്ഷകളിൽ മികവ് പുലർത്തുന്നതിനാവശ്യമായ പരിശീലനം നൽകുക.
* ദേശസ്നേഹവും പ്രകൃതിസ്നേഹവും സഹജീവികളോട് കരുണയുമുള്ള തലമുറയെ വാർത്തെടുക്കുക.

## ഭാഷ

### ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും തെറ്റില്ലാതെ എഴുതാനും വായിക്കാനും കഴിയുന്നു എന്ന് ഉറപ്പാക്കുക.
* കുട്ടികളെ സർഗാത്മ രചനകൾക്ക് പ്രാപ്തരാക്കുക.
* കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
* എല്ലാ കുട്ടികളും അവരവരുടെ പ്രായതലങ്ങൾക്കനുസരിച്ചുള്ള ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക.

## പ്രവർത്തനങ്ങൾ

* അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ
* ചിത്രകാർഡുകൾ, വായന കാർഡുകൾ, അക്ഷരകാർഡുകൾ നിർമ്മാണം
* ക്ലാസുകളിൽ അക്ഷരമാല പ്രദർശനം.
* പത്ര വായന, ലൈബ്രറിബുക്ക് വായന
* ക്ലാസ് ലൈബ്രറി, പ്രാദേശിക ലൈബ്രറി പ്രയോജനപ്പെടുത്തൽ
* അടിക്കുറിപ്പ് തയ്യാറാക്കൽ, കഥാ രചന, കവിതാരചന
* പതിപ്പുകൾ തയ്യാറാക്കൽ, ഡയറി എഴുത്ത്
* ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, കഥാപാത്രനിരൂപണം
* ആൽബം തയ്യാറാക്കൽ
* സ്കൂൾ മാഗസിൻ പ്രസിദ്ധീകരണം
* സാഹിത്യകാരന്മാരെയും കൃതികളെയും പരിചയപ്പെടൽ
* വിദ്യാരംഗം കലാസാഹിത്യവേദി, ഭാഷാക്ലബ്ബുകൾ എന്നിവ പ്രയോജനപ്പെടുത്തൽ.

## ഗണിതം

ലക്ഷ്യങ്ങൾ :-

* കുട്ടികളിൽ സംഖ്യാവബോധം വളർത്തുക
* പട്ടിക ഉറപ്പിക്കൽ
* ചതുഷ്ക്രിയ ഉറപ്പിക്കൽ
* ചുറ്റുപാടുമുള്ള വസ്തുക്കളിൽ ഗണിതരൂപങ്ങൾ മനസ്സിലാക്കൽ

* നിത്യജീവിതത്തിൽ ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കി പ്രയോജനപ്പെടുത്താൻ കഴിയുന്നു എന്ന് ഉറപ്പുവരുത്തുക.
* ഗണിത ലാബ് നിർമാണം,
* ഗണിത ക്വിസ്, ഗണിത പസിൽ, ഗണിത മാഗസിൻ നിർമാണം
* ഗണിത സൗഹൃദ വിദ്യാലയം

## ശാസ്ത്രം

* പ്രകൃതിയെ അറിയൽ, പ്രകൃതി നടത്തം
* പ്രകൃതി സംരക്ഷണം
* ചുറ്റുപാടുകളിൽ നിന്ന് ശാസ്ത്രത്തെ തിരിച്ചറിയൽ
* ആഹാരശൃംഖല മനസ്സിലാക്കൽ
* ശാസ്ത്രവിഷയങ്ങളോടുള്ള താൽപര്യം വളർത്താൻ ശാസ്ത്രക്ലബ്ബുകൾ രൂപീകരിക്കൽ
* ശാസ്ത്രലാബുകൾ നിർമ്മാണം
* പരീക്ഷണങ്ങൾ ചെയ്യാനുള്ള അവസരം
* പ്രകൃതി പ്രതിഭാസങ്ങൾ തിരിച്ചറിയാനുള്ള കഴിവ്
* ക്ലബ് പ്രവർത്തനം ഊർജ്ജിതമാക്കൽ
* ശാസ്ത്ര പ്രതിഭകളെ തിരിച്ചറിയൽ, ആൽബം തയ്യാറാക്കൽ